**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2995** **03-08-2021 - ൽ മറുപടിയ്ക്ക്**

**ഉത്സവ സീസണിൽ ഇറച്ചിക്കോഴികളുടെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | നടപ്പ് ഉത്സവ സീസണിലെ ഇറച്ചിക്കോഴികളുടെ വില വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും പൊതു വിപണിയിൽ ഇടപെടുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | 'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നത് വഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാനമാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും ,കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്ടി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തിരവും കോൺട്രാക്റ്റ് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന വെൻകോബ് 400ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്റ്റ് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസം വരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തിരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതു കമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240 - 250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ മുഖാന്തിരം കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കി ഉത്പാദനം വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കുവാനുള്ള ശ്രമവും കെപ്കോ നടത്തിവരുന്നുണ്ട്. |
| (സി) | സർക്കാർ നിയന്ത്രണത്തിൽ ഇറച്ചിക്കോഴികളെ വളർത്തി പൊതുവിപണിയിൽ എത്തിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന് തയ്യാറാകുമോയെന്നറിയിക്കുമോ ? | (സി) | സർക്കാർ സംരംഭമായ കെപ്കോ മേൽത്തരം ഇനത്തിൽപ്പെട്ട വെൻകോബ് 400 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഇപ്പോൾ വർഷത്തിൽ 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉദ്പാദിപ്പിക്കുന്ന സ്ഥാനത്ത് പുതിയ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് അടുത്ത വർഷം മുതൽ 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉദ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. കൂടാതെ, കെ.എസ്.പി.ഡി.സി, എം.പി.ഐ, കുടുംബശ്രീ, ബ്രഹ്മഗിരി ഡവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികളെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് പൊതുജനങ്ങളിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി 'കേരള ചിക്കൻ' പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ